**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1537** **28-07-2021 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ ആശുപത്രികളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ 2021 വരെയുള്ള കാലയളവിൽ മലമ്പുഴ മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളാണ് ആരോഗ്യ വകുപ്പ് മുഖാന്തിരം നവീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇതിനായി ആകെ അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (എ) | കുടുംബാരോഗ്യകേന്ദ്രം പുതുപ്പരിയാരം, കുടുംബാരോഗ്യകേന്ദ്രം പുതുശ്ശേരി, പ്രാഥമികാരോഗ്യകേന്ദ്രം അകത്തേത്തറ, പ്രാഥമികാരോഗ്യകേന്ദ്രം മലമ്പുഴ, പ്രാഥമികാരോഗ്യകേന്ദ്രം മരുതറോഡ്, പ്രാഥമികാരോഗ്യ കേന്ദ്രം മുണ്ടൂർ, താലൂക്ക് ആശുപത്രി എലപ്പുള്ളി എന്നിവയാണ് മലമ്പുഴ നിയമസഭാ മണ്ഡലത്തിലെ ആശുപത്രികൾ. 2016 മുതൽ 2021 വരെ കാലയളവിൽ സർക്കാരിന്റെ ആർദ്രം പദ്ധതി മൂന്ന് ഘട്ടങ്ങൾ വഴി മലമ്പുഴ മണ്ഡലത്തിലെ താഴെ പറയുന്ന ആശുപത്രികളിൽ നവീകരണ പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 1) ആർദ്രം - ഒന്നാം ഘട്ടം ആർദ്രം ഒന്നാം ഘട്ടത്തിൽ പുതുപരിയാരം പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുക്കുകയും, നവീകരണ പ്രവർത്തനങ്ങൾക്കായി 10.3 ലക്ഷം രൂപ അനുവദിച്ച് നൽകുകയും, ഭൗതിക സാഹചര്യം, ലാബ് സൗകര്യം എന്നിവ ഉയർത്തി സ്ഥാപനം നിലവിൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തിച്ചു വരികയും ചെയ്യുന്നു. 2 ആർദ്രം - രണ്ടാം ഘട്ടം ആർദ്രം രണ്ടാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളായ അകത്തേത്തറ, മലമ്പുഴ, മരുതറോഡ്, മുണ്ടൂർ, പുതുശ്ശേരി എന്നീ സ്ഥാപനങ്ങളെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്താൻ തിരഞ്ഞെടുത്തിരുന്നു. അതിൽ പുതുശ്ശേരി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നവീകരണ പ്രവർത്തനങ്ങൾക്കായി 15.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഭൗതിക സാഹചര്യം, ലാബ് സൗകര്യം എന്നിവ ഉയർത്തി നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിച്ചു വരുന്നു. അകത്തേത്തറ പ്രാഥമികാരരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 60% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മരുതറോഡ് |

| | | | |
|---|---|---|---|
| | | | പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 10.58 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 60% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മലമ്പുഴ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 50% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. മുണ്ടൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 14 ലക്ഷം രൂപ അനുവദിച്ചു. നിലവിൽ 70% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. ആർദ്രം മൂന്നാം ഘട്ടം ആർദ്രം മൂന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തുന്നതിന് പ്രാഥമികാരോഗ്യകേന്ദ്രം കൊടുമ്പ എന്ന സ്ഥാപനത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ